III ഇ.ബി. XII-കേരള നിയമസഭ/VI-8

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 സെപ്റ്റംബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*211,*,212) സഭയിൽ ഉന്നയിക്കുകയും *211-ാം നമ്പർ ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയും *212-ാം നമ്പർ ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

### II. അടിയന്തിരപ്രമേയം

12-9-07-ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനുനേരെ പോലീസ് ജലപീരങ്കി ഉപയോഗിച്ചതുമൂലം നിരവധി പ്രവർത്തകർ പരിക്കുപറ്റി ആശുപത്രിയിലായ സംഭവം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. വേണുഗോപാലും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

. സർവ്വശ്രീ എ. പി. അനിൽകുമാർ, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ഉണ്ണിയാടൻ എന്നീ അംഗങ്ങൾ നിയമസഭയുടെ മുന്നിൽ സത്യാഗ്രഹം അനുഷ്ഠിക്കാൻ പോകുകയാണെന്നും പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും ചെയ്തു. സർവ്വശ്രീ സി. ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ എന്നീ കക്ഷി നേതാക്കൻമാരും പ്രസ്താവന നടത്തിയതിനു ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയുണ്ടായി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.

.

## III.ശ്രദ്ധ ക്ഷണിക്കൽ

1. ജസ്റ്റീസ് രാജേന്ദ്രബാബു കമ്മിഷന്റെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജു ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

2. അഴിമതിയും ക്രമക്കേടുംമൂലം സംസ്ഥാനത്തെ സഹകരണ ധനകാര്യസ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ട ആസ്തികൾ വീണ്ടെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.

എം. ചന്ദ്രൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

IV. **ക്രമപ്രശ്നം**

(i) ചോദ്യങ്ങൾക്കുള്ള മറുപടി മന്ത്രിമാർ തക്കസമയത്ത് ലഭ്യമാക്കുന്നില്ലെന്നും ഇത് സഭയോടുള്ള അനാദരവാണെന്നും ഈ കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച ക്രമപ്രശ്നത്തിന്; ഈ വിഷയം സംബന്ധിച്ച് സഭയിൽ പല തവണ റൂളിംഗുണ്ടായിട്ടുള്ളതാണെന്നും ഇപ്പോഴും ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം കിട്ടാത്ത അവസ്ഥയുണ്ടെന്നും ആ കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

(ii) 12-9-07-ന് സഭയിലുണ്ടായ പ്രത്യേക സാഹചര്യത്തിൽ ചില കോൺഗ്രസ് അംഗങ്ങൾ നിയമസഭാ സ്പീക്കറെ ജാതിപ്പേര് വിളിച്ചതായി പീപ്പിൾസ് ചാനലിലും മറ്റും വന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നും അതിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ക്രമപ്രശ്നത്തിന് ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഇതുസംബന്ധിച്ച് ഒരു അന്വേഷണത്തിനും ചെയർ ഉത്തരവിട്ടിട്ടില്ലെന്നും ചെയറിനെ ഇതിൽ വലിച്ചിഴക്കുന്നത് ശരിയല്ലെന്നും ഇത്തരം വാർത്തകളും പ്രശ്നങ്ങളും

ഉണ്ടാക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## V. സബ്മിഷൻ

1. C.M.F.R.I-.ക്ക് പാട്ടത്തുക വർദ്ധിപ്പിച്ചതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

2. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും അന്താരാഷ്ട്ര വിമാനസർവ്വീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

3. മായം കലർന്ന പാൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

4. മാറാട് കേസിനോടനുബന്ധിച്ച് അറസ്റ്റിലായവർക്ക് ജാമ്യം അനുവദിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. എം. എ. സലാം ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

5. വർക്കല ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതിയുടെ സ്റ്റോർ റൂമിൽ നടന്ന മോഷണം സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

6. IIEST, ഐസർ, IIT, കേന്ദ്ര സർവ്വകലാശാല തുടങ്ങിയവ ആരംഭിക്കുന്നതു സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

7. ഇരിട്ടി ഗവൺമെന്റ് ആശുപത്രിയിൽ ഐ. പി. വിഭാഗം ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

8. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ബധിര-മൂക വിദ്യാലയത്തിൽ ഹയർസെക്കന്ററി കോഴ്സുകൾ ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം. ഹംസ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

9. അട്ടപ്പാടിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്ക്കൂളിൽനിന്നും ടി.സി. നൽകി വിട്ടയച്ചത് സംബന്ധിച്ച് ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

10. പാലക്കാട് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കെ. ദിവാകരൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

11. നാളീകേര കൃഷിക്കാരെ രക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. വിശ്വൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

12. പാറശ്ശാല റെയിൽവേസ്റ്റേഷനിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

13. കുപ്പംപുഴയ്ക്ക് കരിങ്കയത്ത് പാലം പണിയേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി. കെ. പി. പത്മനാഭൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

14. മെഡിക്കൽ പ്രവേശനത്തിൽ പിന്നോക്ക-ന്യൂനപക്ഷ സംവരണ വിഭാഗങ്ങൾക്ക് സീറ്റ് നഷ്ടപ്പെടുന്നത് സംബന്ധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI. റിപ്പോർട്ട് സമർപ്പണം

2007-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിനേയും 2007-ലെ കൊച്ചി ശാസ്ത്ര, സാങ്കേതിക ശാസ്ത്ര സർവ്വകലാശാലാ (ഭേദഗതി) ബില്ലിനേയും 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2. 2007-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. നിയമനിർമ്മാണ കാര്യം:

**(1) 2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലും ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു.

2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. വിശ്വനും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. എ. പ്രദീപ് കുമാറും സംസാരിച്ചു. ശ്രീ. ടി. എൻ. പ്രതാപനും സംസാരിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ), ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്), സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി.

സുധാകരൻ), റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ), ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ), സർവ്വശ്രീ. ആനത്തലവട്ടം ആനന്ദൻ, സി. കെ. സദാശിവൻ, പി. വിശ്വൻ, പി.പി. അബ്ദുള്ളക്കുട്ടി, പി. തിലോത്തമൻ, കെ. അജിത്ത്, എം. കെ. പ്രേംനാഥ്, എ. എ. അസീസ്, വി. സുരേന്ദ്രൻ പിള്ള, ടി. എൻ. പ്രതാപൻ, ബി. ബാബു പ്രസാദ്, കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ് ഉണ്ണിയാടൻ, കെ. ബി. ഗണേഷ് കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## 2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും

### (എ) 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും റവന്യൂ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സർവ്വശ്രീ എം. മുരളി, പി. സി. വിഷ്ണുനാഥ്, എം. ഉമ്മർ, റോഷി അഗസ്റ്റിൻ എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള

സംസ്ഥാന കമ്മീഷൻ *ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി* സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പ്രൊഫ.എൻ.ജയരാജും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ജോസഫ് എം. പുതുശ്ശേരിയും സംസാരിച്ചു.

ശ്രീ. വി. ശശികുമാറും സംസാരിച്ചു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു. .

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനാവേളയിൽ 3-ാം വകുപ്പിന് മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു. ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി 21-നെതിരെ 40 വോട്ടുകളോടെ സഭ നിരാകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

മൂന്നാം വായനയിൽ ശ്രീ. വി.ഡി.സതീശനും ശ്രീ. സി.ടി.അഹമ്മദ് അലിയും സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(ബി) **2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ**

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ജലവിഭവ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ബിൽ അവതരിപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി സംസാരിച്ചു.

ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ടി. എൻ. പ്രതാപൻ, പ്രൊഫ. കെ. വി. തോമസ് എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിച്ചു.

(വൈകുന്നേരം 5.00 മണിക്ക് ടീ ബ്രേക്കിനായി നിർത്തിവച്ച സഭ 5.35-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും ചേർന്നു.)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ച് ശ്രീ. കെ.സി. വേണുഗോപാലും സംസാരിച്ചു.

റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനയിൽ 2-ാം വകുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം റവന്യൂവകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

മൂന്നാം വായനയിൽ ശ്രീ. കെ. ബാബു, ശ്രീ. സി. ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ സംസാരിച്ചു.

2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(സി) **2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ**

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി

അവതരിപ്പിക്കുകയും വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തി ശ്രീ. കെ. സുധാകരൻ, ശ്രീ. സി.. ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ സംസാരിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ബാബു പോളും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. ബാബുവും സംസാരിച്ചു.

നിയമവും പാർലമെന്ററികാര്യ.വും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനയിൽ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേ പാസ്സാക്കുകയും ചെയ്തു.

2007 സെപ്തംബർ മാസം 14-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 7.45-ന് പിരിഞ്ഞു..